**തുടർച്ചാനുമതിയില്ലാത്ത റവന്യൂ ഓഫീസുകൾ**

201 (1283) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ തുടർച്ചാനുമതിയില്ലാതെ പ്രവർത്തിക്കുന്ന ലാന്റ് അക്വിസിഷൻ, റവന്യൂ റിക്കവറി ഓഫീസുകൾ എത്രയുണ്ടെന്നും അവിടെയുള്ള ജീവനക്കാരുടെ എണ്ണവും വെളിപ്പെടുത്തുമോ ;

(ബി) തുടർച്ചാനുമതിയില്ലാത്തതിനാൽ ജീവനക്കാരുടെ ശമ്പളബിൽ ട്രഷറി നിരസിക്കുകയും വേതനം മുടങ്ങുകയും ചെയ്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) 2015 മാർച്ചിൽ ഓഫീസുകളുടെ പ്രവർത്തന കാലയളവ് അവസാനിച്ചിട്ടും തുടർച്ചാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത ഓഫീസുകളിൽ ഏതെങ്കിലും നിർത്തലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; പ്രസ്തുത ജീവനക്കാരെ റവന്യൂ വകുപ്പിന്റെ മറ്റ് ഓഫീസുകളിൽ പുനർവിന്യസിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) 89 ലാന്റ് അക്വിസിഷൻ യൂണിറ്റുകളിലായി 1399-ഉം, 20 റവന്യൂ റിക്കവറി ഓഫീസുകളിലായി 424 ജീവനക്കാരുമുണ്ട്. ഇതിൽ റവന്യൂ റിക്കവറി വിഭാഗത്തിൽപ്പെട്ട 17 ജീവനക്കാർ കേരള ഫിനാൻഷ്യൽ കോർപ്പറേഷനിലാണ് പ്രവർത്തിക്കുന്നത്.

(ബി) ഉണ്ട്.

(സി) 20-6-2015-ലെ ജി.ഒ. (ആർ.റ്റി)നമ്പർ 3191/15/ആർ.ഡി, 6-8-2015-ലെ ജി.ഒ.(ആർ.റ്റി)നമ്പർ 4150/15/ആർ.ഡി, 6-8-2015-ലെ ജി.ഒ.(ആർ.റ്റി)നമ്പർ 4151/15 /ആർ.ഡി. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം യഥാക്രമം സ്പെഷ്യൽ ലാന്റ് അക്വിസിഷൻ യൂണിറ്റുകൾ, ലാന്റ് അക്വിസിഷൻ ജനറൽ യൂണിറ്റുകൾ, ലാന്റ് അക്വിസിഷൻ ദേശീയപാത യൂണിറ്റുകൾ എന്നിവയ്ക്ക് 30-9-2015 വരെയും 7-8-2015-ലെ ജി.ഒ.(ആർ.റ്റി)നമ്പർ 4176/15/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരം റെയിൽവേയ്ക്കായുള്ള തിരുവനന്തപുരം, കൊല്ലം, എറണാകുളം, പെരുമ്പാവൂർ, ഗുരുവായൂർ, തിരൂർ എന്നീ ലാന്റ് അക്വിസിഷൻ യൂണിറ്റുകൾക്ക് 31-8-2015 വരെയും കായംകുളം, പാലാ, കോട്ടയം എന്നീ റെയിൽവേയ്ക്കായുള്ള ലാന്റ് അക്വിസിഷൻ യൂണിറ്റുകൾക്ക് 31-7-2015 വരെയും തുടർച്ചാനുമതി നൽകിയിട്ടുണ്ട്. ഈ കാലാവധിക്കുശേഷം തുടർച്ചാനുമതിയ്ക്കുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) 7-8-2015-ലെ ജി.ഒ.(ആർ.റ്റി)നമ്പർ 4176/15/ആർ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തിരുവനന്തപുരം, കൊല്ലം, എറണാകുളം, പെരുമ്പാവൂർ, ഗുരുവായൂർ, തിരൂർ എന്നിവിടങ്ങളിലെ 6 എൽ.എ. യൂണിറ്റുകൾ 31-8-2015 മുതൽ നിർത്തലാക്കുകയും അപ്രകാരം 51 തസ്തികകൾ പുനർ വിന്യസിക്കുകയുമുണ്ടായി. കൂടാതെ 20-6-2015-ലെ ജി.ഒ.(ആർ.റ്റി)നമ്പർ 3191/2015/ആർ.ഡി. സർക്കാർ ഉത്തരവ് പ്രകാരം കണ്ണൂർ എയർപോർട്ടിന്റെ പൊന്നുംവില നടപടികൾക്കായുള്ള മൂന്ന് എൽ.എ. യൂണിറ്റിൽ നിന്നും രണ്ടുവീതം സർവ്വേയർമാരുടെ തസ്തികകൾ നിർത്തലാക്കുകയും അവരെ പുനർ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ താല്ക്കാലിക പൊന്നുംവില ഓഫീസുകളിൽ പുനർവിന്യസിക്കാൻ അധിക തസ്തികകൾ ഒന്നുംതന്നെയില്ല.

## വനഭൂമി കയ്യേറിയവർക്ക് പട്ടയം

202 (1284) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977 ജനുവരി ഒന്നിന് മുമ്പ് വനഭൂമി കയ്യേറിയവർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് 1993-ലെ ചട്ടങ്ങൾ അനുസരിച്ച് 2015 സെപ്റ്റംബർ വരെ എത്ര ഏക്കർ വനഭൂമിയ്ക്ക് പട്ടയം നൽകി; ഇതുവഴി എത്ര കുടുംബങ്ങൾക്ക് ഭൂമിയുടെ പട്ടയം ലഭിച്ചു; വിശദമാക്കുമോ;

(ബി) ഏതെല്ലാം താലൂക്കുകളിൽ എത്ര ഏക്കർ വീതമാണ് പട്ടയം നൽകിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) നെടുങ്കണ്ടം ഭൂമി പതിവ് ഓഫീസിൽ നിന്നും ഇതുവരെ എത്ര പട്ടയങ്ങൾ നൽകി; എത്ര ഏക്കർ ഭൂമിയുടെ പട്ടയം ആണ് നൽകിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) കേന്ദ്രാനുമതി ലഭിച്ച എത്ര ഏക്കർ വനഭൂമിക്കാണ് പട്ടയം നൽകിയിട്ടുള്ളതെന്നും അനുമതിക്ക് ശേഷം ഇനിയും എത്ര ഏക്കർ വനഭൂമിക്ക് പട്ടയം നൽകാനുണ്ടെന്നും വ്യക്തമാക്കുമോ; ഭൂമിക്ക് ഇനിയും പട്ടയം നൽകാനുള്ള താലൂക്കുകൾ എത്രയെന്നു വെളിപ്പെടുത്താമോ ;